മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഈ കാര്യത്തെപ്പറ്റി ആലോചിക്കുന്നുണ്ട്.

പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകർക്ക് പ്രൊവിഡൻറ്ഫണ്ട്.

* 81. [33] ശ്രീ. ടി. എ. മജീദ്: † താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്സ്. എസ്സ്. സ്കീം അനുസരിച്ച് പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകർക്കെല്ലാം പ്രൊവിഡൻറ്ഫണ്ട് ആനുകൂല്യം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ബി) മാനേജരന്മാരുടെ വിഹിതം കൊടുക്കുവാൻ പ്രയാസമാണെന്നു കാണിച്ച് അവരിൽനിന്നും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) പ്രൊവിഡൻറ്ഫണ്ട് ഏർപ്പെടുത്തുന്ന കാര്യത്തിൽ എന്തു അടിയന്തിരനടപടികളാണ് ഗവണ്മെൻറ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പി. എസ്സ്. എസ്സ്. സ്കീമനുസരിച്ച് പ്രൈവറ്റ് സ്കൂളദ്ധ്യാപകന്മാർക്കെല്ലാം പ്രൊവിഡൻറ്ഫണ്ട് ആനുകൂല്യം ലഭിക്കുന്നുണ്ട്.

(ബി) മാനേജരന്മാരുടെ വിഹിതംകൊടുക്കാൻ പ്രയാസമാണെന്ന് പരാതിയുണ്ട്.

(സി) അടിയന്തിര നടപടിയൊന്നുമെടുത്തിരിക്കുകയാണ്.

ശ്രീ. കെ. സി. എബ്രഹാം: വിഹിതംകൊടുക്കാൻ വിസമ്മതിക്കുന്ന മാനേജരന്മാരുടെ പേരിൽ നടപടി എടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ അവർ കൊടുത്തില്ലെങ്കിൽ എന്താണ് നടപടിയെന്നുള്ളതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്.

ശ്രീ. യു. നീലകണ്ഠൻ: ലൈസൻസ് കിട്ടാത്ത അദ്ധ്യാപകന്മാർക്ക് പ്രൊവിഡൻറ് ഫണ്ടിനു അവകാശമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ലെന്നാണ് തോന്നുന്നത്.

ഹൈസ്കൂളുകൾ.

* 82. [34] ശ്രീ. എം. എ. ആൻറണി: താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അടുത്ത സ്കൂൾവർഷത്തിൽ പുതിയ ഹൈസ്കൂളുകൾ അനുവദിക്കുന്നതിനു ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഈ സ്കൂൾവർഷത്തിൽ പുതിയ ഹൈസ്കൂളുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നില്ല.

† As the member was absent the question was put by Shri K. C. Abraham with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly